


സന്ധ്യാറാണി .എൽ
ചൈൽഡ് ആന്റ് ഫാമിലി കൗൺസിലർ
കൺസൊലൈസ് കൗൺസിലിംഗ് സർവ്വീസസ്
നന്തൻകോട്, തിരുവനന്തപുരം & ചങ്ങനാശ്ശേരി
ഫോൺ: 9388183153
www.consolace.com


# വീട്ടമ്മ ഉദ്യോഗസ്ഥയാകുമ്പോൾ



വീട്ടുകാര്യങ്ങൾ മാത്രം നോക്കി നടത്തുന്നവർ എന്ന നിലയിൽ നിന്ന് സ്ത്രീകൾ ഏറെ ദൂരം മുന്നോട്ടു പോയിരിക്കുന്നു. മിക്ക കുടുംബങ്ങളിലും പുരുഷനൊപ്പം സ്ത്രീയും വരുമാനം സമ്പാദിക്കുന്നു. ഭാര്യ ജോലിയ്ക്കു പോകുന്നുണ്ടെങ്കിലും അതിനൊപ്പം വീട്ടുജോലികൾ ചെയ്യേണ്ടതും അവരുടെ ഉത്തരവാദിത്വമാണെന്ന സമീപനമാണ് ഇപ്പോഴും പല കുടുംബങ്ങളിലും നിലനിൽക്കുന്നത്. ഇതിന്റെ ഫലമായി സ്ത്രീകൾ പലപ്പോഴും ഇരട്ടിജോലി ചെയ്യേണ്ടി വരുന്നു. വീട്ടുജോലിയും ഓഫീസ് ജോലിയും കുട്ടികളെ നോക്കുന്നതുമെല്ലാം ഒരാളുടെ മാത്രം ചുമതലയായി മാറുമ്പോൾ കുടുംബബന്ധത്തിൽ അസ്വാരസ്യങ്ങൾ ഉടലെടുക്കുന്നു. ജോലിഭാരത്തിന്റെ പേരിൽ മാത്രം വിവാഹമോചനത്തിലെത്തിയ ബന്ധങ്ങളും ഏറെയാണ്. ജോലിയുള്ള ഭാര്യ തന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നില്ല എന്ന തോന്നലിൽ ജീവിക്കുന്ന ഭർത്താക്കൻമാരും അപൂർവ്വമല്ല. രണ്ടുപേർക്കും വരുമാനം ഉണ്ടാകുന്നത് നല്ല കാര്യം തന്നെയാണ്. പക്ഷേ

അവിടെ ഈഗോ രൂപപ്പെടുമ്പോ ഴാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്.

‘‘സൈജോയും സിമിയും സ്നേഹിച്ച് വിവാഹിതരായവരാണ്. തിരുവനന്തപുരത്തെ ഒരു സ്വകാര്യ കമ്പനിയിൽ ഉദ്യോഗസ്ഥനാണ് സൈജോ. രണ്ടര വർഷത്തെ സന്തോഷകരമായ ദാമ്പത്യത്തിനിടെ അവർക്കൊരു ആൺകുഞ്ഞു ജനിച്ചു. കുഞ്ഞിന് ഒരു വയസ്സു പ്രായമായപ്പോഴാണ് സിമിയ്ക്ക് ഒരു ബാങ്കിൽ പ്രൊബേഷണറി ഓഫീസറായി ജോലി ലഭിക്കുന്നത്. ഏറെ കാലത്തെ പഠനത്തിനൊടുവിൽ ലഭിച്ച ജോലിയായതിനാൽ അത് ഉപേക്ഷിക്കാൻ സിമി തയ്യാറായിരുന്നില്ല. സിമി ജോലിയ്ക്ക് പോയി തുടങ്ങിയതോടെ പകൽ സമയങ്ങളിൽ കുഞ്ഞിന്റെ ഉത്തരവാദിത്വം അമ്മായിയമ്മ ഏറ്റെടുത്തു. അവർക്ക് സിമി ജോലിക്കു പോകുന്നതിനോട് യോജിപ്പില്ലായിരുന്നു. ജോലി കിട്ടിയതോടെ ഭർത്താവിന്റേയും കുഞ്ഞിന്റേയും കാര്യത്തിൽ അവൾക്ക് ഒരു ശ്രദ്ധയുമില്ലെന്ന് അവർ ഇടയ്ക്കിടെ പറഞ്ഞു കൊണ്ടിരുന്നു. ആദ്യമൊക്കെ ഇത് അവഗണിച്ചെങ്കിലും പിന്നീട് സൈജോയ്ക്കും അങ്ങനെ തോന്നിത്തുടങ്ങി. ഒരു ദിവസം കുഞ്ഞ് കിടക്കയിൽ നിന്ന് താഴെ വീണതിനെ ചൊല്ലി ഇരുവരും വഴക്കായി. സിമി കുഞ്ഞിനെ ശ്രദ്ധിക്കാത്തതു കൊണ്ടാണ് ഇതൊക്കെ സംഭവിക്കുന്നതെന്ന് സൈജോ വാദിച്ചു. അമ്മായിയമ്മയും അയാൾക്കൊപ്പം ചേർന്നു. കുഞ്ഞിന്റെ കാര്യങ്ങൾ നോക്കിയ ശേഷം മതി മറ്റെല്ലാം എന്ന് സൈജോ തീർത്തു പറഞ്ഞപ്പോൾ സിമി ആ വീട്ടിൽ നിന്ന് ഇറങ്ങിപ്പോരുകയായിരുന്നു. സിമിയുടെ അച്ഛനും അമ്മയുമാണ് അവളെ കൗൺസിലിങ് സെന്ററിൽ കൊണ്ടുവന്നത്. ജീവിതം ഇങ്ങനെയൊക്കെയായി തീർന്നതിൽ സിമിയ്ക്ക് സങ്കടമുണ്ട്. എന്നാൽ ഏറെ കഷ്ടപ്പെട്ട് നേടിയ ജോലി കളയാനും വയ്യ. സൈജോയുമായി സംസാരിക്കാൻ അവൾക്ക് വിരോധമൊന്നുമില്ല. അങ്ങനെ ഭർത്താവ് വന്നു. പെട്ടെന്നൊരു ദിവസം ഭാര്യ ജീവിതത്തിൽ നിന്ന് ഇറങ്ങിപ്പോയപ്പോൾ അയാൾ ആകെ തകർന്നു പോയിരുന്നു. കുഞ്ഞിനെ ശരിയായ വിധം നോക്കാൻ കഴിഞ്ഞിരുന്നുമില്ല. അമ്മായിയമ്മയാണ് ഒരുപരിധി വരെ തങ്ങൾക്കിടയിൽ പ്രശ്നമുണ്ടാക്കിയതെന്ന് ഇരുവരും തിരിച്ചറിഞ്ഞു. കുഞ്ഞിനെ നോക്കാൻ ഒരു ആയയെ നിയമിക്കുന്നതിൽ രണ്ടുപേർക്കും എതിർപ്പുണ്ടായിരുന്നില്ല. ഭാര്യയുടെ ജീവിതത്തിൽ ഉണ്ടായ മാറ്റത്തെ കുറിച്ച് സൈജോ ഇപ്പോൾ ബോധവാനാണ്. ഓഫീസിലേയും വീട്ടിലേയും ജോലിഭാരം ഒറ്റയ്ക്ക് കൊണ്ടുപോകാൻ സിമിയ്ക്ക് കഴിയില്ലെന്ന് അയാൾ അംഗീകരിക്കുന്നു. അതു മനസ്സിലാക്കി കൊണ്ടു തന്നെ മുന്നോട്ടു പോകാൻ തീരുമാനിച്ചപ്പോൾ



ജോലിയുള്ള ഭാര്യ തന്റെ കാര്യങ്ങൾ ശ്രദ്ധിക്കുന്നില്ല എന്ന തോന്നലിൽ ജീവിക്കുന്ന ഭർത്താക്കന്മാർ അപൂർവ്വമല്ല. രണ്ടു പേർക്കും വരുമാനം ഉണ്ടാകുന്നത് നല്ല കാര്യം തന്നെയാണ്. പക്ഷേ അവിടെ ഈഗോ രൂപപ്പെടുമ്പോഴാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്.



ഇരുവർക്കും ഇടയിലെ പ്രശ്നങ്ങളെല്ലാം തീർന്നു.''

ഇതൊരു ചെറിയ സംഭവമാണ്. പരസ്പരം നന്നായി മനസ്സിലാക്കിയ ശേഷം വിവാഹം കഴിച്ചവർക്കിടയിൽ പോലും പ്രശ്നങ്ങൾ തലപൊക്കുന്നു. പരിധി വിട്ടു പോയാൽ തിരികെ പഴയ ജീവിതത്തിലേയ്ക്കു വരുന്നത് പ്രയാസകരമായിരിക്കും.

## അഭിമാനിക്കാം അവരെയോർത്ത്

ഭാര്യയെ ജോലിയ്ക്ക് വിടുന്നത് അഭിമാനക്കുറവായി കാണുന്നവർ ഈ നൂറ്റാണ്ടിലും ഉണ്ട്. ഭാര്യ സമ്പാദിച്ചിട്ടു വേണ്ട തനിക്ക് ജീവിക്കാൻ എന്ന് തെല്ലൊരു അഹങ്കാരത്തോടെ പറഞ്ഞു നടക്കുന്നവരാണ് ഇക്കൂട്ടർ. ഭാര്യ തന്നേക്കാൾ ഉയർന്ന ശമ്പളത്തിൽ ജോലി നോക്കുന്നതാണ് മറ്റൊരു വിഭാഗം ആളുകളുടെ പ്രശ്നം. സുഹൃദ്സദസ്സുകളിലും മറ്റും ഭാര്യയുടെ ജോലി സംസാരവിഷയമാകുമ്പോൾ ഇവർ പതിയെ ഒഴിഞ്ഞുമാറും. ജോലി ലഭിച്ചാൽ ഭാര്യ തന്റെ പരിധിയിൽ നിൽക്കില്ലെന്ന പേടി കാരണം ഭാര്യയെ ജോലി ചെയ്യുന്നതിൽ നിന്ന് വിലക്കുന്നവരും ഉണ്ട്. കാരണങ്ങൾ പലതാണെങ്കിലും ഉള്ളിന്റെ ഉള്ളിലുള്ള ഈഗോയാണ് ഇവിടെ വില്ലനാകുന്നത്. മറ്റുള്ളവർ എന്തു വിചാരിക്കും എന്ന് ചിന്തിച്ച് ഇവർ സ്വന്തം ജീവിതം നശിപ്പിക്കുന്നു. ഭാര്യ ജോലി നോക്കുന്നതിൽ അഭിമാനിക്കുക. കുടുംബത്തിന്റെ സാമ്പത്തിക ഉത്തരവാദിത്വങ്ങൾ ഒരാളിൽ മാത്രം ഒതുങ്ങുന്നില്ല എന്ന് ആശ്വസിക്കാം.
ഭാര്യ തന്നേക്കാൾ ഉയർന്ന നിലയിലാണെങ്കിൽ അതിൽ ദുരഭിമാനം വച്ചുപുലർത്തേണ്ടതില്ല. മറിച്ച് തന്റെ ഭാര്യ നല്ല കഴിവുള്ളവളാണെന്നും അങ്ങനെ ഒരാളെ കിട്ടിയതിൽ സന്തോഷിക്കുന്നുവെന്നും അഭിമാനത്തോടെ പറയാം. ഓഫീസ് ജോലി കൂടി നോക്കുന്ന സ്ത്രീയ്ക്ക് ഉള്ള പരിമിതികളെ കുറിച്ച് മനസ്സിലാക്കുക. വീട്ടിലെ കാര്യങ്ങൾക്ക് കിട്ടുന്നില്ലെന്ന് പറഞ്ഞ് അനാവശ്യമായി കുറ്റപ്പെടുത്താതിരിക്കുക. ജോലി കഴിഞ്ഞ് വീട്ടിലെത്തിയാൽ ഒന്നിച്ചിരുന്നു സംസാരിക്കാൻ സമയം കണ്ടെത്തണം. ഓഫീസിലെ കാര്യങ്ങളും ജോലിഭാരവും മാത്രമാകരുത് ചർച്ച. മനസ്സിന് സന്തോഷം തരുന്ന കാര്യങ്ങളെ കുറിച്ചും പറയാം. ഒരുമിച്ച് പോയ യാത്രയിലെ നിമിഷങ്ങൾ ഓർത്തെടുക്കുകയോ അവധി ദിവസത്തെ ഔട്ടിങ്ങിനെ കുറിച്ച് പ്ലാൻ ചെയ്യുകയോ ആവാം.

**ഭാര്യ തന്നേക്കാൾ ഉയർന്ന നിലയിലാണെങ്കിൽ അതിൽ ദുരഭിമാനം വച്ചുപുലർത്തേണ്ടതില്ല. മറിച്ച് തന്റെ ഭാര്യ നല്ല കഴിവുള്ളവളാണെന്നും അങ്ങനെ ഒരാളെ കിട്ടിയതിൽ സന്തോഷിക്കുന്നുവെന്നും അഭിമാനത്തോടെ പറയാം.**

## വീട്ടുജോലികൾ പങ്കിടാം

ഭാര്യയും ഭർത്താവും ജോലിയ്ക്കു പോകുമ്പോൾ വീട്ടുജോലികൾ എങ്ങനെ നടക്കും എന്നൊരു പ്രശ്നമുണ്ട്. മിക്കവീടുകളിലും സ്ത്രീകൾ അമിതഭാരം ചുമക്കുന്നതായാണ് കണ്ടുവരുന്നത്. പുരുഷനും സ്ത്രീയ്ക്കും ദിവസത്തിൽ ഇരുപത്തിനാല് മണിക്കൂർ മാത്രമേ ലഭിക്കുന്നുള്ളൂ എന്നിരിക്കെ ഓഫീസ് ജോലി കഴിഞ്ഞ് മടങ്ങിയെത്തുന്ന സ്ത്രീ തനിച്ച് വീട്ടുജോലികൾ മുഴുവൻ ചെയ്യേണ്ടി വരുന്നത് ന്യായമല്ല. വീട്ടുജോലികൾ ചെയ്യുന്നതിൽ ഭാര്യയെ സഹായിക്കാം. പാത്രം കഴുകുകയോ പച്ചക്കറികൾ അരിയുകയോ അങ്ങനെ എന്തും. ഒരു ഭാരമായിട്ടല്ല മറിച്ച് കടമയായി വേണം ഇതിനെ കണക്കാക്കാൻ. ദിവസത്തിന്റെ നല്ലൊരു സമയം ഓഫീസിൽ ചെലവിട്ട ശേഷം തിരിച്ചെത്തുമ്പോൾ പരസ്പരം സംസാരിക്കാനുള്ള ഒരു വേദി കൂടിയായി അടുക്കളയെ കണക്കാക്കാം. രണ്ടുപേർക്കും കൂടുതൽ സമയം ജോലിസ്ഥലത്ത് ചെലവഴിക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഒരു പാർട് ടൈം ജോലിക്കാരിയെ നിയമിക്കാം. ഓഫീസ് ജോലിയ്ക്ക് ശേഷവും വീട്ടിൽ വന്ന് ബുദ്ധിമുട്ടുന്നത് ഒഴിവാക്കാം.



കുട്ടികളെ നോക്കുന്നതും ഒരുമിച്ച് ചെയ്യാം. കുട്ടിയുടെ കാര്യമെല്ലാം ഭാര്യ നോക്കട്ടെ എന്ന ചിന്താഗതി പാടില്ല. കുട്ടിയെ കുളിപ്പിക്കുന്നതും സ്കൂളിൽ പോകുന്ന പ്രായക്കാരാണെങ്കിൽ അവരെ ഒരുക്കുന്നതും വസ്ത്രങ്ങൾ തേയ്ക്കുന്നതുമെല്ലാം തന്റെ കൂടി കടമയായി കണക്കാക്കണം. എല്ലാ കാര്യങ്ങൾക്കും കുട്ടി അമ്മയെ ആശ്രയിക്കുന്നുണ്ടെങ്കിൽ പതിയെ അത് മാറ്റിയെടുക്കാൻ ശ്രമിക്കണം. ചില വിദേശ രാജ്യങ്ങളിലൊക്കെ പ്രസവ അവധി ഭാര്യയ്ക്കും ഭർത്താവിനും കൂടി പങ്കിട്ടെടുക്കാം. അതായത് ആറുമാസം ഭാര്യ അവധിയെടുക്കുകയാണെങ്കിൽ തുടർന്നുള്ള ആറുമാസം ഭർത്താവിന് അവധിയെടുക്കാം. കുഞ്ഞിനെ നോക്കുന്നത് ഭാര്യയുടെ മാത്രം ചുമതലയല്ലെന്ന് അവർ തിരിച്ചറിഞ്ഞു കഴിഞ്ഞു. നിങ്ങൾ കുഞ്ഞിന്റെ കാര്യങ്ങൾ ഏറ്റെടുത്ത് ചെയ്യുകയാണെങ്കിൽ കുഞ്ഞ് അമ്മയോട് മാത്രം ഇടപഴകി വളരുന്ന അവസ്ഥ ഒഴിവാക്കാനും കഴിയും.

## അംഗീകരിക്കാം ആ കഴിവിനെ

മിക്ക ഭർത്താക്കൻമാരും രാവിലെ പത്തു മുതൽ വൈകിട്ട് അഞ്ചു വരെയുള്ള ഓഫീസ് ജോലിയെ മാത്രമേ ഒരു പണിയായി കണക്കാക്കുന്നുള്ളൂ. ഭാര്യയ്ക്ക് അത്തരം ഒരു ജോലിയാണെങ്കിൽ അത് തുടർന്നു കൊണ്ടു പോകുന്നതിന് അവർ എതിരും പറയില്ല. പക്ഷേ സാമൂഹ്യപ്രവർത്തനം, നൃത്തം, അഭിനയം തുടങ്ങിയ മേഖലകളിൽ കഴിവു തെളിയിച്ച സ്ത്രീകൾ പോലും വിവാഹശേഷം അതിൽ നിന്ന് വിട്ടുനിൽക്കുന്നതായി കാണാം. ഭർത്താവിന്റേയോ ഭർതൃവീട്ടുകാരുടേയും അനിഷ്ടമായിരിക്കും പലപ്പോഴും കാരണം. സമയബന്ധിതമല്ലാത്ത ഇത്തരം ജോലികളിൽ ഭാര്യ ഏർപ്പെടുന്നത് അംഗീകരിക്കാൻ പലപ്പോഴും ഭർത്താക്കൻമാർക്ക് കഴിയുന്നില്ല.



**ഭാര്യയ്ക്ക് താത്പര്യമുള്ള ജോലി അല്ലെങ്കിൽ ഇഷ്ടമുള്ള ഹോബി തുടർന്നു കൊണ്ടുപോകാൻ അവരെ അനുവദിക്കുക. നിങ്ങൾ നൽകുന്ന പിന്തുണയാകും മറ്റാരേക്കാൾ അവർ വിലമതിക്കുക.**

ജീവിതപങ്കാളിയ്ക്ക് ഇത്തരം ഒരു കഴിവുണ്ടെങ്കിൽ അതിനെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് വേണ്ടത്. നിങ്ങൾ കാരണം അത് അവർക്ക് ഉപേക്ഷിക്കേണ്ട അവസ്ഥ വന്നിട്ടുണ്ടെങ്കിൽ ജീവിതകാലം മുഴുവൻ അത് ഒരു കരടായി അവരുടെ മനസ്സിൽ കിടക്കും. ജീവിതത്തിന്റെ ഏതെങ്കിലുമൊരു ഘട്ടത്തിൽ അവർ അത് പ്രകടിപ്പിച്ചു എന്നും വരാം. ഭാര്യയ്ക്ക് താത്പര്യമുണ്ടെങ്കിൽ ആ ജോലി അല്ലെങ്കിൽ ഹോബി തുടർന്നു കൊണ്ടുപോകാൻ അവരെ അനുവദിക്കുക. നിങ്ങൾ നൽകുന്ന പിന്തുണയാകും മറ്റാരേക്കാൾ അവർ വിലമതിക്കുക.

വിവാഹശേഷം ജോലി ഉപേക്ഷിക്കുന്ന സ്ത്രീകളുണ്ട്. ജോലിയും വീട്ടുകാര്യങ്ങളും ഒരുമിച്ച് കൊണ്ടുപോകാൻ കഴിയില്ല എന്ന തോന്നലിലാണ് പലരും ജോലി രാജിവയ്ക്കുന്നത്. എന്നാൽ സാമ്പത്തികസ്വാതന്ത്ര്യത്തിൽ ജീവിച്ച ശേഷം പെട്ടെന്നൊരു ദിവസം വരുമാനം നിലയ്ക്കുമ്പോൾ അതുമായി പൊരുത്തപ്പെടാൻ സമയമെടുക്കും. ഭർത്താവിന്റേയോ ഭർതൃവീട്ടുകാരുടേയോ നിർബന്ധത്തിനു വഴങ്ങി ഒരിക്കലും ജോലി വേണ്ടെന്നു വയ്ക്കരുത്. വിവാഹത്തിനു മുൻപു തന്നെ ഇക്കാര്യത്തിൽ വ്യക്തത വരുത്തണം. ജോലി രാജിവയ്ക്കാനുള്ള തീരുമാനം സ്വയം എടുത്തതാകണം. ഓഫീസ് ജോലി മാത്രമല്ല വരുമാനം കൊണ്ടുവരുന്നത്. വീടിനോടു ചേർന്നു തന്നെ സ്വയംസംരംഭങ്ങൾ നടത്തി വരുമാനം ഉണ്ടാക്കുന്ന ഒട്ടേറെ സ്ത്രീകളുണ്ട്. സ്വന്തം ആവശ്യങ്ങൾക്കുള്ള പണം സമ്പാദിക്കാൻ ഒരു വഴി കണ്ടെത്തിയ ശേഷം ജോലി ഉപേക്ഷിക്കുന്നതാണ് ഉത്തമം. ഭാര്യയുടെ തീരുമാനം എന്തുതന്നെയായാലും അതിന് ഭർത്താവിന്റെ പൂർണ്ണ പിന്തുണ കൂടിയേ തീരൂ. അവരുടെ ഉള്ളിലുള്ള കഴിവുകളെ പ്രോത്സാഹിപ്പിക്കാം. വീട്ടുജോലികൾക്കപ്പുറമുള്ള ലോകത്തേയ്ക്ക് അവരും പറന്നുയരട്ടെ.